**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 710** **17-09-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തികൾക്കായി അനുവദിച്ച തുക നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ സെക്ഷനുകൾ തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു. വൈദ്യുതശൃംഖലയുടെ വികസനം മുഖ്യമായും കെ.എസ്.ഇ.ബി.എൽ പദ്ധതിയായ ദ്യുതി 2.0, കേന്ദ്ര ആവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS) എന്നിവയിലൂടെയാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്രീകൃത ഭരണാനുമതിയിലൂടെയാണ് പ്രസ്തുത പ്രവൃത്തികൾ നടത്തി വരുന്നത്. ആയതിനാൽ ഓരോ പ്രവൃത്തിക്കും പ്രത്യേകമായ ഭരണാനുമതി നൽകുന്നില്ല.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശേരി നിയോജക മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ പ്രധാനമായും താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>1. ചങ്ങനാശ്ശേരി സബ്സ്റ്റേഷൻ 66 kV യിൽ നിന്ന് 110 kV ആക്കി ഉയർത്തുന്ന പ്രവൃത്തിക്കായി 15.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സൈറ്റ് ലെവലിംഗ്, Retaining wall നിർമ്മാണം, DP structure മാറ്റി സ്ഥാപിക്കൽ എന്നീ വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്.<br><br>2. 33 kV കുന്നന്താനം സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട ത്രിക്കൊടിത്താനം സബ്സ്റ്റേഷനിൽ 110/33 kV, 16 MVA ശേഷിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ബേ നിർമ്മാണം തുടങ്ങിയവ ചെയ്യുന്ന പ്രവൃത്തികൾക്കായി 4.7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി Layout അംഗീകാരം ലഭിച്ചു, സാങ്കേതിക അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 11 kW സ്ഥാപിത ശേഷിയിൽ 3 പുരപ്പുറ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 5,30,667/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ 1,67,340/- രൂപ ചെലവാക്കി സ്ഥാപിച്ചിട്ടുണ്ട്. പട്ടിക <u>അനുബന്ധം-2</u> ആയി ചേർത്തിരിക്കുന്നു.

ഉത്തരവുകളുടെ പകർപ്പ് <u>അനുബന്ധം-3 (a)</u>, <u>അനുബന്ധം-3 (b)</u> ആയി ചേർത്തിട്ടുണ്ട്.

**<u>അനെർട്ട്</u>**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനെർട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| **പദ്ധതിയും സ്ഥാപനത്തിന്റെ പേരും** | **കപ്പാസിറ്റി** | **പ്രോജെക്ട് തുക (രൂപ)** |
|---|---|---|
| ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് - NSS ട്രെയിനിംഗ് കോളേജ്, ചങ്ങനാശ്ശേരി | 10 kW | 4,32,440/- |
| ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് - CFSC ചങ്ങനാശ്ശേരി | 15 kW | 8,47,460/- |
| ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് – ഗവ. L.P. സ്കൂൾ, മാടപ്പള്ളി | 3kW | 1,50,151/- |

ഈ പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ബി) **<u>കെ.എസ്.ഇ.ബി.എൽ.</u>**

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തികൾക്കായി അനുവദിച്ച തുക നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ സെക്ഷനുകൾ തിരിച്ച് <u>അനുബന്ധം 1</u> ആയി ചേർക്കുന്നു. വൈദ്യുതശൃംഖലയുടെ വികസനം മുഖ്യമായും കെ.എസ്.ഇ.ബി.എൽ പദ്ധതിയായ ദ്യുതി 2.0, കേന്ദ്ര ആവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS) എന്നിവയിലൂടെയാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്രീകൃത ഭരണാനുമതിയിലൂടെയാണ് പ്രസ്തുത പ്രവൃത്തികൾ നടത്തി വരുന്നത്. ആയതിനാൽ ഓരോ പ്രവൃത്തിക്കും പ്രത്യേകമായ ഭരണാനുമതി നൽകുന്നില്ല.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശേരി നിയോജക മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ പ്രധാനമായും താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

1. ചങ്ങനാശ്ശേരി സബ്സ്റ്റേഷൻ 66 kV യിൽ നിന്ന് 110 kV ആക്കി ഉയർത്തുന്ന പ്രവൃത്തിക്കായി 15.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സൈറ്റ് ലെവലിംഗ്, Retaining wall നിർമ്മാണം,

DP structure മാറ്റി സ്ഥാപിക്കൽ എന്നീ വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്.

2. 33 kV കുന്നന്താനം സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട ത്രിക്കൊടിത്താനം സബ്സ്റ്റേഷനിൽ 110/33 kV, 16 MVA ശേഷിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ബേ നിർമ്മാണം തുടങ്ങിയവ ചെയ്യുന്ന പ്രവൃത്തികൾക്കായി 4.7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി Layout അംഗീകാരം ലഭിച്ചു, സാങ്കേതിക അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കൂടാതെ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 11 kW സ്ഥാപിത ശേഷിയിൽ 3 പുരപ്പുറ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 5,30,667/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 6 പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ 1,67,340/- രൂപ ചെലവാക്കി സ്ഥാപിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-3 (a), അനുബന്ധം-3 (b) ആയി ചേർത്തിട്ടുണ്ട്.

**അനെർട്ട്**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനെർട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതിയും സ്ഥാപനത്തിന്റെ പേരും | കപ്പാസിറ്റി | പ്രോജെക്റ്റ് തുക (രൂപ) |
|---|---|---|
| ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് - NSS ട്രെയിനിംഗ് കോളേജ്, ചങ്ങനാശ്ശേരി | 10 kW | 4,32,440/- |
| ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് - CFSC ചങ്ങനാശ്ശേരി | 15 kW | 8,47,460/- |
| ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് – ഗവ. L.P. സ്കൂൾ, മാടപ്പള്ളി | 3kW | 1,50,151/- |

ഈ പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ